**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം** **11.02.2020-ൽ മറുപടിക്ക്**

**നമ്പർ.1916**

**പി.എസ്.സി. വഴി എൽ.ഡി.സി. നിയമനം**

**ചോദ്യം** **ഉത്തരം**

**ശ്രീ.കെ. ആൻസലൻ** **പിണറായി വിജയൻ**

**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം ജില്ലയിലെ എൽ.ഡി.സി. ഒഴിവുകളുടെ റിപ്പോർട്ട് പി.എസ്.സി.ക്ക് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര ഒഴിവുകളുടെ റിപ്പോർട്ടാണ് ലഭിച്ചതെന്ന് വിശദമാക്കാമോ; | (എ) | തിരുവനന്തപുരം ജില്ലയിലെ എൽ.ഡി.സി. തസ്തികയിലേക്ക് 54-Fresh, 22- NJD, 10-Anticipated Vacancy ഉൾപ്പെടെ 86 (എൺപത്തി ആറ്) ഒഴിവുകൾ നിലവിലുണ്ട്. |
| (ബി) | തിരുവനന്തപുരം ജില്ലയിലെ എൽ.ഡി.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി എപ്പോഴാണ് അവസാനിക്കുന്നത്; കാലാവധി അവസാനിക്കുന്നതിനുമുമ്പ് നിയമനം നടത്തുമോ; വ്യക്തമാക്കാമോ; | (ബി) | റാങ്ക് ലിസ്റ്റിന്റെ കാലാവധി 01.04.2021 ന് അവസാനിക്കുന്നതാണ്. റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യുന്ന എല്ലാ ഒഴിവുകളും ടി ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്. |
| (സി) | ജില്ലയിലെ റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിന് വകുപ്പുകളിൽനിന്നും എൽ.ഡി.സി. ഒഴിവുകളുടെ റിപ്പോർട്ട് യഥാസമയം ലഭിക്കാൻ സർക്കാർ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | (സി) | ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് മേധാവികൾക്കും/ നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന്റെ പുരോഗതി സംബന്ധിച്ച് വിവിധ കാര്യാലയങ്ങളിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം നേരിട്ട് പരിശോധനകൾ നടത്തി വരുന്നു. പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഉണ്ടെങ്കിൽ അത് കണ്ടെത്തി പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ